File No.SJD/2277/2020-C4

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ,
തിരുവനന്തപുരം
തീയതി : 21/07/2020
Email - swdkerala@gmail.com
Phone - 0471 - 2306040

## അറിയിപ്പ്

വിഷയം:- സാമൂഹ്യനീതി വകുപ്പ് - ഡയറക്ടറേറ്റ് ട്രാൻസ്ജെൻഡർ ക്ഷേമം-ലിംഗ മാറ്റ ശസ്ത്രക്രിയ -തുടർ ചികിത്സ ധന സഹായ പദ്ധതി -അപേക്ഷ ക്ഷണിയ്ക്കുന്നത് - സംബന്ധിച്ച്.

സൂചന:- സ ഉ.സാധാ നം 652/2018/സാനീവ,തീയതി 14.11.18

ട്രാൻസ്ജെൻഡർ വിഭാഗക്കാരെ സമൂഹത്തിന്റെ മുഖ്യ ധാരയിലെത്തിയ്ക്കുന്നതിന് സാമൂഹ്യനീതി വകുപ്പ് മുഖേന വിവിധ ക്ഷേമ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ലിംഗഭേദവുമായി ബന്ധപ്പെട്ട് ട്രാൻസ്ജെൻഡർ സമൂഹം നേരിടുന്ന വൈകാരിക പ്രതിസന്ധികൾക്ക് പരിഹാരമായ ലിംഗമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്ന സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ള ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് തുടർ ചികിത്സയ്ക്കായി പ്രതിമാസം 3000/- രൂപ നിരക്കിൽ ഒരു വർഷ കാലയളവിലേയ്ക്ക് ധനസഹായം നൽകുന്ന പദ്ധതി സൂചന പ്രകാരമുള്ള സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നടപ്പിലാക്കി വരുന്നു. നടപ്പ സാമ്പത്തിക വർഷം ടി പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ലിംഗമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയരായ ട്രാൻസ്ജെൻഡർ വ്യക്തികളിൽ നിന്നും തുടർ ചികിത്സ ധനസഹായം അനുവദിയ്ക്കുന്നതിനുള്ള അപേക്ഷ ക്ഷണിയ്ക്കുന്നു . ഇതിനായുള്ള അപേക്ഷ ഫോം സാമൂഹ്യനീതി വകുപ്പിന്റെ വെബ് സൈറ്റിൽ ലഭ്യമാണ്. പ്രസ്തുത അപേക്ഷ ഫോമിലെ മാർഗ്ഗ നിർദേശങ്ങൾക്ക് വിധേയമായി അപേക്ഷകൾ 2020 ആഗസ്റ്റ് 15 ന് മുമ്പ് ഈ കാര്യലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

സാമൂഹ്യനീതി ഡയറക്ടർക്കുവേണ്ടി